**File No.TCPTVM/1148/2021-D**

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം: – ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – നഗരൂർ ഗ്രാമപഞ്ചായത്ത്- നഗരൂർ വില്ലേജ് - ഗ്രൂപ്പ് ഐ വിഭാഗത്തിൽ ഉൾപ്പെടുന്ന LPG godown നിർമ്മാണം - കെട്ടിടത്തിൻറെ ലേ ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

പരാമർശം :- 1)നഗരൂർ ഗ്രാമപഞ്ചായത്തിൻറെ 17.11.2021 ലെ NGP/695/2021-A3 നമ്പർ കത്ത്

2)റവന്യൂ ഡിവിഷൻ വകുപ്പിൻറെ 17.12.2021 ലെ RDOTVM/7035/2021-1 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/1148/2021-D തീയതി 01/01/2022</u>**

നഗരൂർ ഗ്രാമപഞ്ചായത്ത് നഗരൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 329/14/A, 329/15 ൽ ഉൾപ്പെടുന്ന 1455 ച.മി സ്ഥലത്ത് ഗ്രൂപ്പ് ഐ വിഭാഗത്തിൽ ഉൾപ്പെടുന്ന 112.03 sq.m ബിൽറ്റപ് ഏരിയയുള്ള LPG godown കെട്ടിടത്തിന്റെ ലേ ഔട്ട് അംഗീകാരത്തിനായി ശ്രീമതി നസീറാ നസീം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെയും , സൂചന (2) കത്തിൻറയും അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടത്തിൻറെ ലേ ഔട്ടിനും സ്ഥലത്തിൻറെ ഉപയോഗത്തിനും അംഗീകാരം നല്കി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം കെ.പി.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. കെ.പി.ബി.ആർ 2019 ചട്ടം 9 പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ, സർവ്വേ നമ്പർ , പ്ലോട്ടിന്റെ വിസ്തൃതി എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം. ഒപ്പം തന്നെ നിർമ്മാണം KPBR 2019 ഉം ബാധകമായ ചട്ടങ്ങൾക്കും, ആക്ടുകൾക്കും നിയമങ്ങൾക്കും അനുസൃതമാണെന്നു ഉറപ്പ് വരുതേണ്ടതാണ്.
3. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഉറപ്പ് വരുത്തിയിരിക്കണം.
4. നിർമ്മാണ സ്ഥലത്തു നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം/ അനുബന്ധ ഭേദഗതി എന്നിവ

പ്രകാരം അനുവദനീയമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്

7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ - ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസി കൾക്ക് ദോഷമുണ്ടാകരുത്.

8. നിർമ്മാണം കെ.പി.ബി.ആർ 2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

9. Pollution control board, ഫയർ തുടങ്ങിയ അജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

10. കെ.പി.ബി.ർ 2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെ യുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.

11. കെ.പി.ബി.ർ 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യ മായ മരങ്ങൾ നടേണ്ടതാണ്.

12. കെ.പി.ബി.ആർ 2019 ചട്ടം 34 പ്രകാരം വേണ്ട sanitation facilities ഉറപ്പ് വരുത്തേണ്ടതാണ്.

13. കെ.പി.ബി.ആർ 2019 ചട്ടം 79 A(Management of construction and demolition waste) പ്രകാരം ടി നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാവുന്ന വേസ്റ്റുകൾ ടി ചട്ട പ്രകാരം നിർമാർജനം ചെയ്യേണ്ടതാണ്.

14. കെ.പി.ബി.ആർ 2019 ചട്ടം 10 പ്രകാരം ടി സ്ഥലത്തു Excavation നടത്തുന്നുണ്ടെങ്കിൽ ആയതു സംബന്ധിച്ച് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**<u>01 /2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.</u>**

Signature valid

Digitally signed by Jayasree V K
Date: 2022.01.01 14:19:42 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

File No.TCPTVM/1148/2021-D

സെക്രട്ടറി,
നഗരൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)

1)Sri Nazeera Nazim
Naz Cottage
Thekkinkadu
Nagaroor 695601

2)കരുതൽ ഫയൽ

O/c

Received
[illegible]

16/1868/1998 Licence